**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/077/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 27 -01- 2025**

പരാതിക്കാരൻ : ശ്രീ. ചന്ദ്രശേഖരൻ.സി
ആയില്യം, പെരുമുടിയൂർ,
പട്ടാമ്പി പി.ഒ, പാലക്കാട് - 679303

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇലക്ട്രിക്കൽ സബ് ഡിവിഷൻ
പട്ടാമ്പി, പാലക്കാട് ജില്ല.

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ.ചന്ദ്രശേഖരന്റെ പേരിലുള്ളതാണ് പെരുമുടിയൂർ പനങ്ങാട്ട്കാവ് ദേവിക്ഷേത്രത്തിനുസമീപം സർവ്വേ നമ്പർ.343/4 ഉള്ള വസ്തു.ഈ വസ്തുവിൽ സ്ഥിതിചെയ്യുന്ന ലൈൻ മാറ്റി സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് ലൈസൻസിയായ KSEBL ന് അപേക്ഷ സമർപ്പിച്ചിരുന്നു. പട്ടാമ്പി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന ലൈനാണ് മാറ്റി സ്ഥാപിക്കേണ്ടത്. ലൈസൻസിയുടെ ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി ലൈൻ മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് 36,549/- രൂപ ആയി കണക്കാക്കി അറിയിക്കുകയുണ്ടായി. ഈ വസ്തുവിൽ ഉണ്ടായിരുന്ന ഒരു വീട്ടിലേയ്ക്ക് വളരെ മുൻപ് നിലനിന്നിരുന്ന ലൈൻ വിഛേദിക്കുകയും അവിടെ അവിടെ ഒരു post മാത്രം ആ ലൈനിന്റെ അവസാനത്തെ പോസ്റ്റായി നിലനിന്നിരുന്നു എന്നും കുറച്ചു വര്ഷങ്ങൾക്ക് മുൻപ് സ്ഥല ഉടമസ്ഥന്റെ അനുമതിയില്ലാതെ ആ പോസ്റ്റിൽ നിന്നും line extend ചെയ്ത് മറ്റു പലർക്കും കണക്ഷൻ നൽകുകയും ചെയ്തു എന്നും പരാതിക്കാരൻ സ്ഥാപിക്കുന്നു. അനുമതിയില്ലാതെ ലൈസൻസി വസ്തുവിന് മുകളിലൂടെ ലൈൻ വലിച്ചതിനാൽ അത് ലൈസൻസിയുടെ ചെലവിൽ തന്നെ മാറ്റി

സ്ഥാപിക്കണം എന്നതാണ് പരാതിക്കാരന്റെ വാദം. ഈ ആവശ്യം ഉന്നയിച്ച് **CGRF(NZ)**ൽ പരാതി സമർപ്പിക്കുകയും അതിന്റെ നടപടികൾ പൂർത്തിയാക്കി **CGRF** ഉത്തരവ് **21/10/24** ൽ ഇറക്കുകയും ചെയ്തു. ആ ഉത്തരവ് പ്രകാരം പരാതി പരിഹരിക്കപ്പെടാത്തതിനാൽ അതിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഇലക്ട്രിക്കൽ ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

**70** വയസ്സുള്ള ഒരു വ്യക്തിയാണ് ഞാൻ. പാലക്കാട് ജില്ല, പട്ടാമ്പി താലൂക്ക്, മുതുതല പഞ്ചായത്ത്, പെരുമുടിയൂരിൽ പനങ്ങാട്ട്കാവ് ക്ഷേത്രത്തിന് സമീപം പട്ടാമ്പി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ളതും **343/4** സർവ്വേ നമ്പർ ഉള്ളതുമായ എന്റെ വസ്തുവിനുള്ളിലെ **60/58** എന്ന നമ്പറുള്ള വൈദ്യുതി പോസ്റ്റിൽ നിന്നും **KSEB** ജീവനക്കാർ അനുവാദമില്ലാതെ അനധികൃതമായി വസ്തുവിന്റെ നടുവിലൂടെ പുറത്തേക്ക് വലിച്ച ലൈൻ ഡിസ്മാൻഡിൽ ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് എൻജിനിയർ, ഇലക്ട്രിക്കൽ ഡിവിഷൻ, പട്ടാമ്പിക്ക് രണ്ട് പരാതികൾ നൽകുകയുണ്ടായി. ആയതിന് ഫലമില്ലാതെ വന്നപ്പോൾ **15/07/2024** ന് **CGRF**ൽ ഹർജി സമർപ്പിച്ചു. തുടർന്ന് **05/10/2024** നടന്ന ഹിയറിങ്ങിന്റെ അടിസ്ഥാനത്തിൽ **21/10/2024** തീയതി ഫോറം (വൈദ്യുതി പരാതി പരിഹാര ന്യായസഭ വടക്കൻ മേഘല, കോഴിക്കോട്) പുറപ്പെടുവിച്ച **CGRF-NR/OP 34/2024-25/347** എന്ന റഫറൻസ് നമ്പറുള്ള ഉത്തരവ് പ്രഥമദൃഷ്ട്യാ നീതിയുക്തമല്ലാത്തതിനാൽ ഞാൻ എന്റെ ഈ അപ്പീൽ അങ്ങയുടെ സമക്ഷം സമർപ്പിക്കുന്നു. **21/10/2024** തീയതി ഫോറം പുറപ്പെടുവിച്ച ഉത്തരവിലെ കാര്യങ്ങൾക്കുള്ള എന്റെ മറുപടി ഇതോടൊപ്പം വയ്ക്കുന്നുണ്ട്. ഈ വസ്തുവിലുണ്ടായിരുന്ന പഴയ പുര പൊളിച്ചുമാറ്റിയതിനുശേഷം കൃഷി ആവശ്യത്തിന് മാത്രമായിരുന്നു വൈദ്യുതി ഉപയോഗിച്ചിരുന്നത്. വർഷം **2007** ന്റെ ആവസാനത്തിൽ **19029** എന്ന കൺസ്യൂമർ നമ്പറുള്ള ഈ കണക്ഷൻ ഡിസ്മാൻഡിൽ ചെയ്യുന്നതിന് എന്റെ ജേഷ്ഠൻ ചാത്തനാത്ത് അച്യുതനുണ്ണി **KSEB** യിൽ അപേക്ഷ നൽകുകയും തുടർന്ന് ജീവനക്കാർ വന്ന് സർവീസ് വയറും, മീറ്ററും, ബോർഡിൽ ഉണ്ടായിരുന്ന അനുബന്ധ സാമഗ്രികളും മാത്രം ഡിസ്മാൻഡിൽ ചെയ്തു കൊണ്ടുപോയി. പക്ഷേ, അവർ ആ പോസ്റ്റിലേക്കുള്ള വൈദ്യുതി ലൈൻ ഡിസ്മാൻഡിൽ ചെയ്തിരുന്നില്ല.

ഇതുമൂലം ഈ വർഷാരംഭത്തിൽ വീട് നിർമ്മിക്കുന്നതിനായി സ്ഥലം നിർണ്ണയിക്കാൻ അവിടെ ചെന്നപ്പോൾ അത് നടന്നില്ല. കാരണം, മേൽപ്പറഞ്ഞ വസ്തുവിനുള്ളിലെ പോസ്റ്റിൽ നിന്നും പഞ്ചായത്ത് റോഡരികിലെ **PTB/KK/10422** എന്ന് ഈയിടെ നമ്പറിട്ട പോസ്റ്റിലേക്ക് വസ്തുവിന്റെ നടുവിലൂടെ ലൈൻ വലിച്ച് നൽകിയതായി കണ്ടു. **KSEB** ജീവനക്കാരുടെ അനാസ്ഥമൂലം ലൈൻ ഡിസ്മാൻഡിൽ ചെയ്യാൻ വിട്ടുപോയ പോസ്റ്റിൽ നിന്നും അനധികൃതമായി പുറത്തേക്കു വലിച്ച് ലൈൻ ഡിസ്മാൻഡിൽ ചെയ്യു തരണമെന്ന് ആവശ്യപ്പെട്ട് എക്സിക്യൂട്ടീവ് എൻജിനീയർക്ക് **(KSEB** ഇലക്ട്രിക്കൽ ഡിവിഷൻ, പട്ടാമ്പി**) 11/03/2024** നും **11/06/2024** നും രണ്ട് പരാതികൾ നൽകുകയുണ്ടായി. അതിന് ഫലം കാണാതെ വന്നപ്പോൾ, ഈ പരാതികളുടെയും അതിന് ലഭിച്ച **28/05/2024** ലെയും **03/07/2024** ലെയും മറുപടികളുടെ കോപ്പികൾ സഹിതം, **15/07/2024** ന് **CGRF** ൽ പരാതി നൽകി. ഫോറം **26/09/2024** ന് എനിക്കയച്ചു തന്ന **CGPF- NR/OP34/2024-25/293** എന്ന റഫറൻസ് നമ്പറുള്ള ഹിയറിങ് തീയതിയുടെ അറിയിപ്പിനോടൊപ്പം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പട്ടാമ്പി ഫോറത്തിന് സമർപ്പിച്ച മറുപടിയും, ആ മറുപടിയിലെ കാര്യങ്ങൾക്ക് എന്റെ വിയോജിപ്പ് രേഖപ്പെടുത്തി **05/10/2024** ന് ഹിയറിങ് വേളയിൽ ഞാൻ നൽകിയ മറുപടിയും ഇതോടൊപ്പം സമർപ്പിക്കുന്നുണ്ട്. ഹിയറിങ് കഴിഞ്ഞതിന്റെ തൊട്ട് ദിവസമാണ് വസ്തുവിനുള്ളിലെ പോസ്റ്റിൽ നിന്നും പുറത്തേക്ക് ലൈൻ വലിച്ചത് കൃഷി ആവശ്യത്തിനുള്ള കണക്ഷൻ നൽകാനായിരുന്നു എന്ന സത്യസന്ധമായ വിവരം ലഭിച്ചത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പട്ടാമ്പി ഫോറത്തിന് സമർപ്പിച്ച സ്കെച്ചിൽ എന്റെ വസ്തുവിൽ നിന്നും റോഡരികിലെ പോസ്റ്റിലേക്ക് ലൈൻ വലിച്ച് അതിൽനിന്നും നെൽകൃഷി പാടത്തുള്ള ഒരു മോട്ടോർ പുരയിലേക്ക് കണക്ഷൻ നൽകിയതായി കാണിച്ചിട്ടുണ്ട്. ഈ കണക്ഷൻ ഇപ്പോൾ നിലവിലില്ല. പക്ഷേ, അതിനുമപ്പുറത്തായി മറ്റൊരു മോട്ടോർ പുരയിലേക്ക് ലൈൻ നൽകിയിട്ടുണ്ട്. ഈ കണക്ഷനും, കൺസ്യൂമർ നമ്പറും സ്കെച്ചിൽ കാണിച്ചിട്ടില്ല. അത് മനപ്പൂർവ്വം മറച്ചുവെച്ചതായി ഞാൻ സംശയിക്കുന്നു. ഈ മോട്ടോർ പുരയിലേക്കാണ് എന്റെ വസ്തുവിൽ നിന്നും ലൈൻ വലിച്ച് മൊയ്തീൻ കെ.ടി. എന്ന കൺസ്യൂമറുടെ പേരിൽ **04/05/2010** ന് **25111** എന്ന നമ്പറുള്ള കൃഷി കണക്ഷൻ നൽകിയിട്ടുള്ളത്. **15/01/2017** ന് ഉടമസ്ഥാവകാശം മാറിയതിനാൽ ഈ കണക്ഷൻ ഇപ്പോൾ ശ്യാമസുന്ദരൻ എന്ന വ്യക്തിയുടെ പേരിലാണ്.

ഈ 25111 ലേക്ക് കണക്ഷൻ നൽകാൻ എത്ര പോസ്റ്റുകൾ സ്ഥാപിച്ചുവെന്നും, എത്ര OH Wire Length വേണ്ടിവന്നുവെന്നും, എത്ര തുക ഇതിനായി കൺസ്യൂമർ അടക്കേണ്ടി വന്നുവെന്നും KSEB യുടെ രേഖകളിൽ പരിശോധിച്ചാൽ അതിൽ ഒരു പോസ്റ്റാണ് എന്റെ വസ്തുവിന്റെ റോഡരികിൽ സ്ഥാപിച്ചിട്ടുള്ളതെന്നും,അതിലേക്കാണ് വസ്തുവിനുള്ളിലെ പോസ്റ്റിൽ നിന്നും ലൈൻ വലിച്ച് നൽകിയിട്ടുള്ളത് എന്നും വ്യക്തമായി തെളിയും എന്നെനിക്കുറപ്പുണ്ടായിരുന്നു. ഈ വിവരം ഈ കേസിന്റെ വിധി നിർണ്ണയിക്കുന്നതിന് സഹായകരമാകും എന്നതിനാൽ ഇക്കാര്യം അതിന്റെ ഗൗരവത്തോടെ പരിഗണിക്കണമെന്ന് ഞാൻ 07/10/2024 ന് ഇമെയിൽ വഴിയും, അന്നുതന്നെ സ്പീഡ് പോസ്റ്റ് വഴി അയച്ച കത്തിലൂടെയും CGRE നോട് അപേക്ഷിച്ചിരുന്നു. ഇത് 09/10/2024 ന് (16:19 hrs) തപാൽ വകുപ്പ് ഡെലിവറി ചെയ്തിട്ടുണ്ട്. ഇത്രയും വിലപ്പെട്ട തെളിവ് ഞാൻ നൽകിയിട്ടും അക്കാര്യം അന്വേഷിക്കുകപോലും ചെയ്യാതെയാണ് 21/10/2024 തീയതി, CGRF-NR/OP 34/2024-25/347 എന്ന റഫറൻസ് നമ്പർ ഉള്ള, എന്റെ പരാതി തള്ളിയ ഉത്തരവ് ഫോറം പുറപ്പെടുവിച്ചിട്ടുള്ളത് എന്നത് ഖേദകരമാണ്. മുകളിൽ പറഞ്ഞ വിവരങ്ങൾ ലഭിക്കുന്നതിനായി വിവരാവകാശ നിയമം 2005 പ്രകാരം 08/10/2024 ന് ഞാൻ ഇൻഫർമേഷൻ ഓഫീസർ, ഇലക്ട്രിക്കൽ സെക്ഷൻ, KSEB, പട്ടാമ്പിക്ക് അപേക്ഷ നൽകുകയുണ്ടായി. KSEB യിൽ നിന്നും എനിക്ക് ലഭിച്ച ബി.ബി./PTB/RIA/2024-25/44 എന്ന റഫറൻസ് നമ്പറുള്ള 26/10/2024 ലെ മറുപടിയുടെ പകർപ്പും ബി.ബി./PTB/RIA/2024-25/46 എന്ന റഫറൻസ് നമ്പറുള്ള 01/11/2024 ലെ മറുപടിയും, അതോടൊപ്പം നൽകിയ ലഭ്യമായ രേഖകളുടെ പകർപ്പുകളും ഇതോടൊപ്പം വക്കുന്നുണ്ട്. KSEB നൽകിയ വിവരാവകാശ രേഖകൾ പ്രകാരം LT (V) Sanction രജിസ്റ്ററിന്റെ പകർപ്പിൽ, 04/05/2010 ന് കണക്ഷൻ നൽകിയ കൺസ്യൂമർ നമ്പർ 2511 ലേക്ക് ലൈൻ എത്തിക്കാൻ 8 പോസ്റ്റുകളും, 195 മീറ്റർ OH Wire Length ഉം ആണ് ഉപയോഗിച്ചിട്ടുള്ളത്. ഞാൻ പരിശോധിച്ചപ്പോൾ ഇത് ശരിയാണ്. ആയതിനാൽ, ഈ കണക്ഷൻ നൽകാൻ ഉപയോഗിച്ച 8 പോസ്റ്റുകളിൽ ഒരെണ്ണമാണ് (ഈയിടെ നമ്പറിട്ട് - PTB-KK/10422) റോഡരികിൽ സ്ഥാപിച്ചിട്ടുള്ളതെന്നും, അതിലേക്കാണ് ആദ്യമായി എന്റെ വസ്തുവിൽ നിന്നും അനധികൃതമായി പുറത്തേക്ക് ലൈൻ വലിച്ചു നൽകിയിട്ടുള്ളതെന്നും, അതിൽ നിന്നാണ് കൺസ്യൂമർ നമ്പർ 2511 ലേക്ക് ലൈൻ എത്തിച്ചിട്ടുള്ളതെന്നും വളരെ വ്യക്തമാണ്. ഉത്തരവിലും, എതിർകക്ഷിയുടെ മൊഴിയിലും എന്റെ വസ്തുവിൽ നിന്നും പുറത്തേക്ക്

വലിച്ച ലൈനിൽ നിന്നാണ് 1980 ലും 1982 ലും രണ്ട് കണക്ഷനുകൾ നൽകിയിട്ടുള്ളത് എന്ന പ്രസ്താവന തികച്ചും തെറ്റാണ്.

കൂടാതെ, എന്റെ അപേക്ഷയിൽ ഞാൻ ആവശ്യപ്പെട്ട കൺസ്യൂമർ നമ്പർ 25111 സമർപ്പിച്ച അപേക്ഷയുടെയും, കൂടെ സമർപ്പിച്ച് രേഖകളുടെയും, KSEB ഉദ്യോഗസ്ഥർ തയ്യാറാക്കിയ റൂട്ട് മാപ്പിന്റെയും പകർപ്പുകൾ എനിക്ക് നല്കിയിട്ടില്ല. ഇത് അവരുടെ ഓഫീസിലെ രേഖകൾസൂക്ഷിച്ചിട്ടുള്ള റെക്കോർഡ് റൂമിൽ ഉണ്ടെന്നും, അത് തിരയുവാനുള്ള ഫീസടച്ച് പ്രവർത്തി ദിനങ്ങളിൽ എന്നോട് തന്നെ തിരഞ്ഞു കണ്ടെത്തുവാനും മുകളിൽ പറഞ്ഞ 26/10/2024 ലെ KSEB യുടെ മറുപടിയിലുണ്ട്. അവരുടെ ഓഫീസിനകത്ത് ഞാൻ കയറി രേഖകൾ തിരയുന്നത് ഉചിതമായ കാര്യമായി എനിക്ക് തോന്നുന്നില്ല. ഈ റൂട്ട് മാപ്പിന്റെയും, കൂടെ ആവശ്യപ്പെട്ട രേഖകളുടെയും സാന്നിദ്ധ്യം എന്റെ വസ്തുവിൽ നിന്ന് ലൈൻ വലിച്ചാണ് കൺസ്യൂമർ നമ്പർ 25111 ലേക്ക് ലൈൻ എത്തിച്ചത് എന്നത് 101% വും തെളിയിക്കപ്പെടാൻ കൂടുതൽ സഹായകരമാകും എന്നതിനാൽ ഇത് ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. മേൽപ്പറഞ്ഞ ഫോറത്തിന്റെ ഉത്തരവ് പക്ഷബാധിതവും ഏകപക്ഷീയവുമാണ്. എന്റെ വാദങ്ങൾക്കും, തെളിവുകൾക്കും പുറമെ ലഭ്യമായ രേഖകൾ നൽകിയിട്ടും ആയതൊന്നും പരിഗണിക്കാതെ, എന്റെ വാദങ്ങളെക്കുറിച്ചും ഞാൻ നൽകിയ തെളിവുകളെക്കുറിച്ചും ഒരക്ഷരം പോലും മിണ്ടാതെ വൈദ്യുതി വകുപ്പിന്റെ താൽപര്യം സംരക്ഷിക്കണം എന്ന ഒരൊറ്റ ഉദ്ദേശത്തിലും ലക്ഷ്യത്തിലുമാണ് ഈ ഉത്തരവ് ഫോറം തയ്യാറാക്കിയിട്ടുള്ളത്. സത്യാവസ്ഥകൾ കണ്ടെത്താതെ ഹിയറിങ് സമയത്ത് പരാതിക്കാരനും എതിർകക്ഷിയും പറയാത്ത കാര്യങ്ങളുടെയും എതിർകക്ഷി ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ നൽകിയ വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് വളരെ വിചിത്രമായ ഈ വിധി പ്രസ്ഥാവന. ആയത് പുനഃപരിശോധിക്കണമെന്നും, എന്റെ വാദങ്ങളും തെളിവുകളും കൂടി പരിഗണിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ചാത്തനാത്ത് അച്ചുതനുണ്ണി എന്ന വ്യക്തിയിൽ നിന്നും ഞാൻ വാങ്ങിയ വസ്തുവാണിതെന്നും, അതിലുള്ള ലൈൻ ഡിസ്മാന്റിൽ ചെയ്തു കിട്ടുന്നതിനായി കള്ളം പറയുകയാണെന്നുമുള്ള തെറ്റായ ധാരണ ഒരു പക്ഷേ KSEB ക്കും, ഫോറത്തിനും ഉണ്ടാവാം. ഞങ്ങളുടെ കുടുംബസ്വത്തായ ഈ വസ്തുവിൽ നിന്നും രണ്ടു സഹോദരിമാർക്ക് നൽകിയ അവരുടെ ഭാഗം വർഷങ്ങൾക്ക് മുമ്പ് അവർ മൂത്ത ജ്യേഷ്ഠനായ ചാത്തനാത്ത്

അച്യുതനുണ്ണിയുടെ പേരിലേക്ക് മാറ്റിയിരുന്നു. അതിനുശേഷം 2011 ൽ എന്റെ പേരിലേക്ക് വസ്തു മാറ്റുന്നതുവരെയും വസ്തുവിലെ ബാക്കി സ്ഥലം ജ്യേഷ്ഠന്റെയും എന്റെയും പേരിലായിരുന്നു. ഹിയറിങ്ങ് വേളയിൽ ഇക്കാര്യം ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്.

എന്റെ ജ്യേഷ്ഠൻ ചാത്തനാത്ത് അച്യുതനുണ്ണി കോഴിക്കോട് സർവ്വകലാശാലയിൽ നീണ്ടകാലം മലയാളം വകുപ്പ് മേധാവിയായി ഇരുന്നിട്ടുള്ള ആളും, മലയാളഭാഷക്കും സാഹിത്യത്തിനും ഒത്തിരി സംഭാവനകൾ നൽകി കേന്ദ്ര/കേരള സർക്കാറിന്റെ അവാർഡുകളടക്കം നിരവധി അവാർഡുകൾ ലഭിച്ചിട്ടുള്ള ആളും, നിലവിൽ 85 വയസ്സ് പ്രായമുള്ള ആളുമാണ്. പ്രസ്തുത വസ്തുവിലുള്ള വൈദ്യുതി പോസ്റ്റിൽ നിന്നും പുറത്തേക്ക് ലൈൻ വലിച്ച് കണക്ഷൻ നൽകുന്നതിന് KSEB ക്ക് വാക്കാലോ, രേഖമൂലമോ യാതൊരുവിധ സമ്മതമോ, അനുവാദമോ അദ്ദേഹം നൽകുകയുണ്ടായിട്ടില്ല എന്ന് എന്നെ അറിയിച്ചിട്ടുള്ളതാണ്. ഫോറത്തിന്റെ ഉത്തരവിൽ ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം പറഞ്ഞതുപോലെ "1980 ൽ കണക്ഷൻ നൽകിയ കൺസ്യൂമർ നമ്പർ 2456 ലേക്കും, 1982 ൽ കണക്ഷൻ നൽകിയ കൺസ്യൂമർ നമ്പർ 3870 വിലേക്കും ലൈൻ നൽകിയിട്ടുള്ളത്. അക്കാലത്ത് അവിടെ അങ്ങിനെ ഒരു പോസ്റ്റ് ഉണ്ടായിരുന്നില്ല. മുകളിൽ പറഞ്ഞ വിവരാവകാശ രേഖകൾ പ്രകാരം 04/05/2010 ന് കണക്ഷൻ നൽകിയ 2511 എന്ന കൺസ്യൂമർ നമ്പറുള്ള മോട്ടോർ പുരയിലേക്ക് ലൈൻ എത്തിക്കാൻ ഉപയോഗിച്ച് 8 പോസ്റ്റുകളിൽ ഒരെണ്ണം റോഡരികിൽ സ്ഥാപിച്ച് അതിലേക്കാണ് ആദ്യമായി എന്റെ വസ്തുവിൽ നിന്നും ലൈൻ വലിച്ച് നൽകിയിട്ടുള്ളത് എന്ന വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിലും, വസ്തുവിൽ നിന്നും പുറത്തേക്ക് വൈദ്യുതി ലൈൻ വലിച്ചു നൽകാൻ ചാത്തനാത്ത് അച്ചുതനുണ്ണി സമ്മതമോ, അനുവാദമോ നൽകിയിട്ടില്ല എന്നതിനാലും, വസ്തുവിൽ നിന്നും അനധികൃതമായി പുറത്തേക്ക് വലിച്ച ലൈൻ KSEB യുടെ ചെലവിൽ ഡിസ്മാൻഡിൽ ചെയ്തുതരുവാൻ വേണ്ട നടപടി ഉണ്ടാകണം എന്ന് താഴ്മയോടെ ഞാൻ അഭ്യർത്ഥിക്കുന്നു.

## എതിർകക്ഷിയുടെ വാദം

പട്ടാമ്പി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന പെരുമുടിയൂർ പനങ്ങാട്ട് കാവ് ദേവി ക്ഷേത്രത്തിന് സമീപം 343/4 സർവ്വേ നമ്പറിലുള്ള വസ്തുവിൽ സ്ഥിതി ചെയ്യുന്ന ലൈൻ മാറ്റി സ്ഥാപിക്കണം എന്നാവശ്യപ്പെട്ട്

ശ്രീ.ചന്ദ്രശേഖരൻ.സി,ആയില്യം, പെരുമുടിയൂർ പോസ്റ്റ്, പട്ടാമ്പി, പാലക്കാട് (ഹർജിക്കാരൻ) എന്ന വ്യക്തി പട്ടാമ്പി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകുകയും **29.04.2024** ൽ ഹർജിക്കാരന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയ്ക്ക് ശേഷം പോസ്റ്ററ് മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക **36549/-** എന്ന് കണക്കാക്കി അറിയിപ്പ് നൽകുകയും ചെയ്തു. തുടർന്ന് ഹർജിക്കാരൻ **15.07.2024** ന് ബഹുമാനപ്പെട്ട വൈദ്യുതി പരാതി പരിഹാര ന്യായ സഭ (വടക്കൻ മേഖല) കോഴിക്കോട് മുൻപാകെ പരാതി നൽകുകയും അനുവാദം കൂടാതെ കെഎസ്ഇബി അദ്ദേഹത്തിന്റെ പുരയിടത്തിൽ നിന്നും വൈദ്യുതി ലൈൻ പുറത്തെടുക്കുകയും ആയതിൽ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ടെന്നും ആയവ കെഎസ്ഇബിയുടെ സ്വന്തം ചിലവിൽ മാറ്റി സ്ഥാപിക്കുവാൻ വേണ്ട ഉത്തരവ് നൽകണമെന്നും മറ്റും ചൂണ്ടിക്കാട്ടി ഹർജി നൽകിയിരുന്നു. ആയത് പരിഗണിച്ച് ബഹുമാനപ്പെട്ട വൈദ്യുതി പരാതി പരിഹാര ന്യായ സഭ, ഹർജി **OP No.34/2024-25** വഴി ഫയലിൽ സ്വീകരിക്കുകയും തുടർനടപടികൾ ആരംഭിക്കുകയും ചെയ്തു.

തുടർന്ന് **05.10.2024** ന് ഷൊർണൂർ ഡിവിഷൻ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന സിറ്റിങ്ങിൽ ഇരുകക്ഷികളുടെയും പരാതി വിശദമായി കേൾക്കുകയും ബഹുമാനപ്പെട്ട പരാതി പരിഹാര ന്യായ സഭ അംഗങ്ങൾ ബന്ധപ്പെട്ട സ്ഥലത്ത് അന്നേദിവസം തന്നെ പരിശോധന നടത്തുകയും ചെയ്തു. തെളിവെടുപ്പ് സമയത്ത് ഹർജിക്കാരനെയും എതിർകക്ഷിക്കാരനെയും വിശദമായി കേൾക്കുകയും ഹർജിക്കാരന്റെ സ്ഥലത്തും പരിസരത്തും സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രിക് ലൈനുകളും കണക്ഷനുകളും വിശദമായി പരിശോധിക്കുകയും യഥാർത്ഥ വസ്തുതകൾ സമീപവാസികളിൽ നിന്നും ചോദിച്ചറിയുകയും ചെയ്തു. തുടർന്ന് ബഹുമാനപ്പെട്ട വൈദ്യുതി പരാതി പരിഹാര ന്യായ സഭ **21.10.2024** ന് പരാതിക്കാരന്റെ ആരോപണങ്ങൾ മുഴുവൻ വസ്തുതാ വിരുദ്ധം എന്ന് കണ്ടെത്തി ഹർജി തള്ളിക്കളഞ്ഞ് ഉത്തരവിടുകയും ചെയ്തു. ഈ ഉത്തരവിൽ പരാതിക്കാരൻ എതിർകക്ഷികളെ കുറ്റപ്പെടുത്തി പണം അടക്കാതിരിക്കുവാൻ വഴി അന്വേഷിക്കുകയാണ് ചെയ്തത് എന്നും ഇതേ വിഷയം ഉന്നയിച്ച് പരാതിക്കാരൻ ബഹു.ജില്ല മജിസ്ട്രേറ്റ്/ ജില്ലാ കളക്ടർക്ക് ഫോറത്തിന് സമീപിച്ച അതേ രീതിയിൽ മറ്റൊരു പരാതി നൽകിയതായും ആയത് തീർപ്പാക്കാതെ നിൽക്കുന്നതായും സൂചിപ്പിച്ചിട്ടുണ്ട്. വിവിധ ഫോറങ്ങളിൽ പരാതികൾ നൽകിക്കൊണ്ട് പണമടയ്ക്കാതെ സ്വന്തം

സ്ഥലത്തെ ലൈൻ മാറ്റുന്നതിന് വേണ്ടിയുള്ള ഹർജിക്കാരന്റെ ശ്രമമാണ് ഇതെന്ന് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മനസ്സിലാക്കി ഈ പരാതി തള്ളിക്കളയണമെന്ന് ആമുഖമായി അപേക്ഷിക്കുന്നു. ഹർജിക്കാരന്റെ വസ്തുവിൽ നിൽക്കുന്ന പോസ്റ്റിൽ ഉണ്ടായിരുന്ന **19029** എന്ന കണക്ഷൻ, കണക്ഷന്റെ ഉടമയായിരുന്ന ശ്രീ.അച്യുതനുണ്ണിയുടെ അപേക്ഷപ്രകാരം(**2007**ൽ) അഴിച്ചെടുത്തതാണ്. ഒരു കണക്ഷൻ ഡിസ്മാന്റിൽ ചെയ്യാനുള്ള അപേക്ഷ ലഭിച്ചാൽ സർവീസ് കണക്ഷൻ ഡിസ്മാന്റിൽ ചെയ്യാൻ മാത്രമേ കഴിയുകയുള്ളൂ. ലൈൻ ഡിസ്മാന്റിൽ ചെയ്യണമെങ്കിൽ പ്രസ്തുത ലൈനിൽ നിലവിലുള്ള മറ്റു കണക്ഷനുകൾക്ക് വേറെ എന്തെങ്കിലും മാർഗ്ഗത്തിലൂടെ കണക്ഷൻ നൽകേണ്ടതുണ്ട്. **2007** ൽ ഈ ലൈനിൽ **2456**, **3870** എന്നീ കണക്ഷനുകൾകൂടി നിലനിന്നിരുന്നതിനാൽ ഈ ലൈനുകൾ ഡിസ്മാന്റിൽ ചെയ്യുക എന്നത് അസാധ്യമായ കാര്യമായിരുന്നു. ഇപ്പോൾ ഹർജിക്കാരന്റെ വസ്തുവിലൂടെ കടന്നുപോകുന്ന ലൈനിൽ മറ്റ് **9** കണക്ഷനുകൾ കൂടി നിലനിൽക്കുന്നുണ്ട്.

പരാതിക്കാരൻ ഈ വർഷാരംഭത്തിൽ വീട് നിർമ്മിക്കുന്നതിനായി സ്ഥലം നിർണയിക്കാൻ അവിടെ ചെന്നു എന്നും വസ്തുവിന്റെ നടുവിലൂടെ ലൈൻ വലിച്ച് നൽകിയിരിക്കുന്നതായി കണ്ടു എന്നും ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ ലൈൻ പുതിയതായി വലിച്ചത് അല്ലെന്നും **1980** ൽ തന്നെ കൺസ്യൂമർ നമ്പർ **2456** ലേക്ക് കണക്ഷൻ നൽകുവാൻ വേണ്ടി ഈ ലൈൻ ഉണ്ടായിരുന്നു എന്നും ബഹുമാനപുരസരം അറിയിക്കുന്നു.

പരാതിക്കാരന്റെ വസ്തുവിനുള്ളിലെ പോസ്റ്റിൽ നിന്നും ലൈൻ പുറത്തേക്ക് വലിച്ചത് കൃഷി ആവശ്യത്തിനുള്ള കണക്ഷൻ നൽകാനായിരുന്നു എന്ന് പരാതിക്കാരൻ സമർത്ഥിക്കുന്നത് വാസ്തവമല്ല. **25-02-1980** ൽ കൺസ്യൂമർ നമ്പർ **2456** നു കണക്ഷൻ നൽകാൻ വേണ്ടി നിർമിച്ച ഈ ലൈനിൽ നിന്നും ടാപ്പ് ചെയ്തു **04/05/2010**ൽ മാത്രമാണ്. ഈ മോട്ടോർ കണക്ഷൻ (കൺസ്യൂമർ നമ്പർ **25111**) നൽകിയിരിക്കുന്നത്. മാത്രമല്ല റോഡ് അരികിൽ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് നിലവിലെ ലൈനിൽ ഇൻസേർട്ട് ചെയ്തു സ്ഥാപിച്ചതാണെന്ന് ഇപ്പോഴും വ്യക്തമാണ്. അതായത് നിലവിലെ ലൈനിൽ പോസ്റ്റ് ഇൻസേർട്ട് ചെയ്യുമ്പോൾ ലൈനിൽ പിൻ ഇൻസുലേറ്റർ ആണ് സ്ഥാപിക്കുക. പരാതിക്കാരന്റെ പുരയിടത്തിന് പുറത്ത് ഉള്ള റോഡിൽ ഇപ്രകാരം പിൻ ഇൻസുലേറ്റർ ഉപയോഗിച്ച് പുതിയ പോസ്റ്റ് സ്ഥാപിച്ചത് ഇപ്പോഴും പരിശോധിച്ചാൽ കാണാവുന്നതാണ്. തുടർന്ന് മറ്റ് **7** പോസ്റ്റുകൾ

ഉപയോഗിച്ചാണ് കൺസ്യൂമർ നമ്പർ **25111** ലേക്ക് ലൈൻ വലിച്ചിട്ടുള്ളത്. ഈ കണക്ഷൻ ഇപ്പോൾ നിലവിലുണ്ട്. കൂടാതെ ഈ ലൈനിൽ **03/08/2012** ന് നൽകിയ **28140** എന്ന മറ്റൊരു ഗാർഹിക കണക്ഷനും നിലവിലുണ്ട്. ഇക്കാര്യങ്ങൾ ഇതോടൊപ്പം സമർപ്പിച്ചിട്ടുള്ള സ്കെച്ചിൽ വിശദമായി സൂചിപ്പിക്കുന്നുണ്ട്.

കൺസ്യൂമർ നമ്പർ **25111** ലേക്ക് **8** പോസ്റ്റുകൾ ഉപയോഗിച്ച് **195** മീറ്റർ ലൈൻ വലിച്ചാണ് കണക്ഷൻ നൽകിയിരിക്കുന്നത് എന്ന് ഹർജിക്കാരൻ വിവരാവകാശ നിയമം വഴി ആവശ്യപ്പെട്ട പ്രകാരം വിവരം നൽകിയിട്ടുണ്ട് . എന്നാൽ ഈ ലൈൻ നിലവിൽ പരാതിക്കാരന്റെ വസ്തുവിൽ നിന്നും കൺസ്യൂമർ നമ്പർ **2456** ലേക്ക് പോകുന്ന ലൈൻ അടിയിൽ പോസ്റ്റ് ഇൻസേർട്ട് ചെയ്തശേഷം നിർമിച്ചതാണ് എന്ന് ബഹുമാനപ്പെട്ട വൈദ്യുതി പരാതി പരിഹാര ന്യായ സഭ അംഗങ്ങൾ പരിശോധിച്ചു മനസ്സിലാക്കിയതിനെ തുടർന്നാണ് ഹർജിക്കാരന്റെ ഹർജി തള്ളി ഉത്തരവായത്. ഹർജിക്കാരന്റെ വസ്തുവിൽ നിന്നും **1980** ൽ കണക്ഷൻ നൽകുവാൻ വേണ്ടിവലിച്ച ലൈനിൽ നിന്നാണ് കൺസ്യൂമർ നമ്പർ **25111** ന് വേണ്ടി **05/2010** ൽ ലൈൻ വലിച്ചിരിക്കുന്നത് എന്നകാര്യം വളരെ വ്യക്തമാണ് ഇക്കാര്യം കണ്ട് ബോധ്യപ്പെട്ടതിനാലാണ് ബഹുമാനപ്പെട്ട വൈദ്യുതി പരാതി പരിഹാര ന്യായ സഭ ഹർജിക്കാരന്റെ പരാതി തള്ളി ഉത്തരവായത്. ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട കൺസ്യൂമർ നമ്പർ **25111** നെ സംബന്ധിച്ച രേഖകളിൽ ഓഫീസിൽ പ്രാഥമികമായ തിരച്ചിലിൽ ലഭ്യമായ സർവീസ് കണക്ഷൻ എസ്റ്റിമേറ്റ് സാങ്ഷൻ രജിസ്റ്ററിന്റെ പകർപ്പുകൾ പരാതിക്കാരന് നൽകിയിട്ടുള്ളതാണ്. എന്നാൽ **2007** നു ശേഷം സെക്ഷൻ ഓഫീസ് പലതവണ മാറിയിട്ടുള്ളതിനാൽ കൺസ്യൂമർ നമ്പർ **25111** ന് വേണ്ടി സമർപ്പിച്ച അപേക്ഷയുടെ രേഖകൾ റെക്കോർഡ് റൂമിൽ നിന്നും പ്രാഥമികമായ തിരച്ചിലിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.ഈ വിവരങ്ങൾ തിരഞ്ഞു കണ്ടെത്തുന്നതിന് വളരെയധികം സമയം ആവശ്യമുള്ളതിനാൽ മറ്റ് ഓഫീസ് പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടും എന്നതിനാലാണ് വിവരാവകാശ നിയമപ്രകാരം അപേക്ഷകന് ഓഫീസ് രേഖകൾ പരിശോധിക്കാനുള്ള അനുവാദം നൽകിയത്. ആയതിൽ യാതൊരുവിധ ഔചിത്യ കുറവുമില്ല.

ഹർജിക്കാരന്റെ വസ്തുവിൽ നിന്നും **1980**ൽ തന്നെ അന്നത്തെ ഉടമസ്ഥന്റെ അനുവാദത്തോടുകൂടി ലൈൻ പുറത്തേക്ക് പോയിട്ടുള്ളതിനാൽ **2010** ൽ

വലിച്ച് നൽകിയ പ്രസ്തുത കണക്ഷന്റെ രേഖകൾക്ക് ഈ പരാതിയുമായി ബന്ധപ്പെട്ട് യാതൊരു പ്രാധാന്യവുമില്ല. ബഹുമാനപ്പെട്ട വൈദ്യുതി പരാതി പരിഹാര ന്യായ സഭ എതിർകക്ഷി നൽകിയ വിശദമായ തെളിവുകളുടെയും 05.10.2024ന് നടത്തിയ വളരെ വിശദമായ സ്ഥലപരിശോധനയുടെയും സമീപവാസികളുടെ മൊഴികളുടെയും അടിസ്ഥാനത്തിൽ എതിർകക്ഷി സമർപ്പിച്ച തെളിവുകൾ തികച്ചും വാസ്തവമാണെന്ന് കണ്ടും സ്ഥല പരിശോധനയിൽ ഹർജിക്കാരന്റെ പരാതിക്ക് യാതൊരു അടിസ്ഥാനവുമില്ല എന്ന് മനസ്സിലാക്കിയുമാണ് ഹർജിക്കാരന്റെ ഹർജി തള്ളി ഉത്തരവായത്. 1980 മുതൽ നിലവിലുള്ള ഈ ലൈനുമായി ബന്ധപ്പെട്ട് നാളിതുവരെ യാതൊരു പരാതിയും അറിയിച്ചിട്ടില്ലാത്ത പരാതിക്കാരൻ 2024 മാർച്ച് മാസം ഏഴാം തീയതി മാത്രമാണ് ഇതുമായി ബന്ധപ്പെട്ട ഒരു പരാതി കെഎസ്ഇബിയിൽ ലഭ്യമാക്കുന്നത്. വീട് നിർമ്മാണത്തിനായി ഡെപ്പോസിറ്റ് വർക്ക് തുക അടയ്ക്കാതെ ലൈൻ മാറ്റി കിട്ടണം എന്ന് ഉദ്ദേശത്തോടെയാണ് പരാതികൾ വിവിധ ഫോറങ്ങളിൽ ഹർജിക്കാരൻ പരാതി സമർപ്പിക്കുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ആയതിനാൽ ബഹുമാനപ്പെട്ട കേരള സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഈ കാര്യം പരിഗണിച്ച് ഹർജിക്കാരന്റെ ഹർജി തള്ളി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു .

## പരാതിക്കാരന്റെ എതിർവാദം

രേഖകൾ പരിശോധിച്ച് സത്യം കണ്ടെത്താതെ കൺസ്യൂമർ സേവനം ചെയ്യേണ്ട എതിർകക്ഷി ഉള്ള തെളിവുകൾ നശിപ്പിച്ചും, അതിന്റെ തുടർച്ചയായും മാത്രമാണ് എന്റെ അഭിമാനത്തെ ചോദ്യം ചെയ്തുകൊണ്ട് "ഹർജിക്കാരൻ പണമടക്കാതെ കാര്യലാഭത്തിന് വേണ്ടി ചെയ്യുന്നതാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും, ആയതിനാൽ പരാതി തള്ളിക്കളയണമെന്നും" അങ്ങക്ക് സമർപ്പിച്ച മറുപടിയിൽ ആമുഖമായി അപേക്ഷിക്കുന്നത്. CGRF ന്റെ അന്വേഷണത്തെയും, ഉത്തരവിനെയും എതിർകക്ഷി മറുപടിയിൽ പലയിടത്തും ഏറെ പുകഴ്ത്തിയതായും കണ്ടു. ഞാൻ പരാതിയിൽ പറഞ്ഞ കാര്യങ്ങൾക്കും, എന്റെ വാദങ്ങൾക്കും യാതൊരുവിധ വിലയും കൽപ്പിക്കാതെ KSEB യുടെ താല്പര്യങ്ങൾ സംരക്ഷിക്കണമെന്ന ഒരൊറ്റ ഉദ്ദേശത്തോടെയാണ് എതിർകക്ഷിയുടെ വാദങ്ങൾ മാത്രം ശരിവച്ച് CGRF (ഫോറം) എന്റെ പരാതി തള്ളി ഉത്തരവിറക്കിയിട്ടുള്ളത്.ആയതിനാൽ, സത്യസന്ധമായ എന്റെ പരാതിയുടെ വിധി നിർണ്ണയിക്കുന്നതിന് താഴെ പറയുന്ന സുപ്രധാന കാര്യങ്ങൾ

അതിന്റേതായ ഗൗരവത്തോടെ പരിഗണിക്കണമെന്ന് അങ്ങയോട് വിനീതമായി അപേക്ഷിക്കട്ടെ:

ഫോറത്തിന്റെ ഉത്തരവിൽ **(OP No. 34/2024-25)**, "എതിർകക്ഷിയുടെ മൊഴിയിൽ", **1980** ൽ വന്ന **2456** നിലനില്ക്കുന്നതിനാലാണ് **1982** ൽ വന്ന **3870** വിലേക്ക് റോഡിൽ നിന്നും വൈദ്യുതി എടുക്കാതെ സമീപത്തുള്ള വൈദ്യുതി പോസ്റ്റിൽ നിന്നും എടുത്തത് എന്ന് സംശയിക്കുന്നു" എന്ന് പറയുന്നുണ്ട്. റോഡരികിലെ പോസ്റ്റ് **1980** മുതൽ അവിടെ ഉണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ **(AEE)**, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പട്ടാമ്പി **(AEE)** ഫോറത്തിന് മൊഴി നല്കിയിട്ടുണ്ടെന്ന് സാരം. **AEE** അങ്ങക്ക് സമർപ്പിച്ച മറുപടിയിൽ **2010** ൽ റോഡരികിൽ ഒരു പോസ്റ്റ് ഇല്ലെന്നും, **25/02/1980** ൽ **2456** ന് കണക്ഷൻ നല്കാൻ വേണ്ടി നിർമ്മിച്ച ഈ ലൈനിൽ നിന്നും ടാപ്പ് ചെയ്താണ് **25111** ന് **04/05/2010** ൽ കണക്ഷൻ നല്കിയിരിക്കുന്നത് എന്നാണ് പറയുന്നത്. ഇതിനായി പോസ്റ്റ് നിലവിലെ ലൈനിൽ **INSERT** ചെയ്തു സ്ഥാപിച്ചതാണെന്നും; ഇക്കാര്യം **CGRF** അംഗങ്ങൾ പരിശോധിച്ച് മനസ്സിലാക്കിയതിനെ തുടർന്നാണ് എന്റെ ഹരജി തള്ളി ഉത്തരവായത് എന്നും ആവർത്തിച്ചു പറയുന്നുണ്ട്. എന്നാൽ ഇക്കാര്യം ഇതോടൊപ്പം വക്കുന്ന **CGRF** ന്റെ ഉത്തരവിൽ കാണുന്നില്ല.

**25111** ലേക്ക് ലൈൻ നല്കാൻ വസ്തുവിൽ നിന്നും റോഡരികിലെ പോസ്റ്റിലേക്ക് ലൈൻ വലിച്ചു നല്കിയത് മറച്ചുവയ്ക്കാൻ വേണ്ടിയാണ് ആദ്യം ഈ പോസ്റ്റ് **1980** മുതൽ അവിടെ ഉള്ളതാണെന്ന് **AEE** ഫോറത്തിന് മൊഴി നല്കിയിട്ടുള്ളത്. എന്നാൽ, വിവരാവകാശ രേഖകൾ തരേണ്ടി വന്നപ്പോൾ അതിൽ നിന്നും രക്ഷപ്പെടാൻ **AEE** കണ്ടെത്തിയ പോംവഴിയാണ് **POLE INSERTION.** ആയതിനാൽ, **KSEB** നൽകിയ വിവരാവകാശ രേഖകൾ പ്രകാരം **25111** ന് ലൈൻ നല്കാൻ ഉപയോഗിച്ച **8** പോസ്റ്റ്കളിൽ ഒരെണ്ണമാണ് റോഡരികിൽ സ്ഥാപിച്ചിട്ടുള്ളതെന്നും, അതിലേക്കാണ് **04/05/2010** ന് **KSEB** ജീവനക്കാർ ഡിസ്മാൻഡിൽ ചെയ്യാൻ വിട്ടുപോയ എന്റെ വസ്തുവിനുള്ളിലെ പോസ്റ്റിൽ നിന്നും അനധികൃതമായി പുറത്തേക്ക് ലൈൻ വലിച്ചു നല്കിയിട്ടുള്ളതെന്നും സ്പഷ്ടമാണ്. **INSERT** ചെയ്തു എന്ന് പറയുന്ന പ്രസ്തുത പോസ്റ്റ് **INSERT** ചെയ്തതതല്ലെന്നും, **Cross Arm** ൽ **Neutral Conductor** ജോയിന്റ് ചെയ്താണ് **2456** ലേക്ക് ലൈൻ വലിച്ചിട്ടുള്ളത് എന്നതിനുമുള്ള വ്യക്തമായ തെളിവായി **21/12/2024** ന് ഈ പോസ്റ്റിന്റെ ഫോട്ടോകൾ അങ്ങക്ക് സമർപ്പിച്ചിട്ടുണ്ട്.

വളരെ വ്യക്തമായ ഈ തെളിവുകൾ നശിപ്പിക്കുന്നതിന് വേണ്ടി ഒടുക്കത്തെ അടവായാണ്,**09/01/2025** തീയതി **KSEB** നൽകിയ വിവരാവകാശ മറുപടിയിൽ സൂചിപ്പിച്ച പോലെ, ഇത്രയും കാലം ഇല്ലാത്ത സുരക്ഷാ കാരണങ്ങൾ പറഞ്ഞ് **7** മീറ്റർ ഉയരമുള്ള പ്രസ്തുത പോസ്റ്റിനെ പറിച്ചുമാറ്റി **31/12/2024** ന് അവിടെ **8** മീറ്റർ ഉയരമുള്ള പുതിയ പോസ്റ്റ് സ്ഥാപിച്ച്, **OH** ലൈനും മുഴുവനായി മാറ്റിയത്. **AEE** ഉന്നയിക്കുന്ന വാദങ്ങൾക്ക് അനുസൃതമായി വേണ്ടുന്ന മാറ്റങ്ങളൊക്കെ ഇപ്പോൾ ഈ പോസ്റ്റിന് മുകളിൽ വരുത്തിയിട്ടുമുണ്ട്. **01/01/2025** ന് ഈ പോസ്റ്റിന്റെ ഫോട്ടോകൾ അങ്ങക്ക് സമർപ്പിച്ചിട്ടുണ്ട്. **PETITION NO. P/077/2024** ഒടുവിൽ അങ്ങക്ക് മുമ്പിൽ എത്തി നിൽക്കുമ്പോൾ ഇക്കാര്യത്തിൽ അങ്ങയുടെ തീർപ്പ് ഉണ്ടാകുന്നത് വരെയെങ്കിലും ക്ഷമിക്കാനുള്ള മാന്യത **AEE** കാണിക്കാമായിരുന്നു. **AEE** സമർപ്പിച്ച മറുപടിയിൽ **2010** ൽ **Pole Insertion** ചെയ്താണ് കൺസ്യൂമർ നമ്പർ **25111** ലേക്ക് ലൈൻ വലിച്ചത് എന്ന് പറയുന്നു. അതേ **7** മീറ്റർ പോസ്റ്റാണ് ഇപ്പോൾ സുരക്ഷാ പ്രശ്നം **(Low Clearance)** കാരണം **8** മീറ്റർ പോസ്റ്റാക്കി മാറ്റിയത്. **7** മീറ്റർ പോസ്റ്റ് ഉണ്ടായിട്ട് പോലും വേണ്ടത്ര **Clearance** ഇല്ല എന്നിരിക്കെ **1980** മുതൽ **2010** വരെയുള്ള നീണ്ട **30** വർഷക്കാലം അവിടെ ആ **Pole** ഇല്ല എങ്കിൽ **Line Clearance** ന്റെ അവസ്ഥ എന്തായിരിക്കും എന്ന് **AEE** തന്നെ വിശദമാക്കട്ടെ. **(Insert** ചെയ്തു എന്ന് പറയുന്ന **pole** അന്ന് അവിടെ ഇല്ലാത്ത സ്ഥിതിക്ക് വസ്തുവിനുള്ളിലെ പോസ്റ്റിൽ നിന്നും ലൈൻ വലിച്ചു നൽകിയ പോസ്റ്റിലേക്ക് കഷ്ടി **60** മീറ്ററോളം അകലമുണ്ട്). അതിൽ നിന്നും **AEE** യുടെ **'2010** ലെ **Pole Insertion'** എന്ന വാദം വസ്തുതാപരമായി നിലനിൽക്കില്ലെന്ന് അങ്ങ് മനസ്സിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. **KSEB** നൽകിയ വിവരവകാശ രേഖകൾ പ്രകാരം **04/05/2010** ൽ **25111** ന് **8** പോസ്റ്റ്കളും **195** മീറ്റർ **OH** ലൈൻ നീളവും ഉപയോഗിച്ചിട്ടുണ്ട്. അതിൽ ഒരു പോസ്റ്റാണ് **INSERT** ചെയ്തു എന്ന് ഇപ്പോൾ ഉപയോഗിച്ച ഈ **8** പോസ്റ്റ്കൾക്കിടയിലെ **OH** ലൈനിന്റെ നീളം, ഇതുവരെയും പറയുന്ന **PTB/KK/10422,** ആയതിനാൽ **25111** ലേക്ക് ലൈൻ നല്കാൻ ഉപയോഗിച്ച ഈ **8** പോസ്റ്റ്കൾക്കിടയിലെ **OH** ലൈനിന്റെ നീളം, ഇതുവരെയും നശിപ്പിക്കപ്പെടാത്ത ഒരേയൊരു തെളിവായി ബാക്കി നിൽപ്പുണ്ട്. മുകളിൽ പറഞ്ഞ തെളിവുകൾക്ക് പുറമെ **2010** വരെയും പ്രസ്തുത വസ്തുവിൽ നിന്നും പുറത്തേക്ക് ലൈൻ വലിച്ചിട്ടില്ലെന്നും, **25111** ന് ലൈൻ നൽകാൻ വേണ്ടി മാത്രമാണത് ചെയ്തിട്ടുള്ളതെന്നും എനിക്ക് പൂർണ്ണമായ വിശ്വാസമുള്ളതിനാൽ **25111** ലേക്ക് വലിച്ച ഈ **8** പോസ്റ്റ്കൾക്കിടയിലെ **OH** ലൈനിന്റെ നീളം, അങ്ങ് നിർദ്ദേശിക്കുന്ന

വ്യക്തിയുടെയും, എതിർകക്ഷിയുടെയും, എന്റെയും സാന്നിദ്ധ്യത്തിൽ അളന്ന് കാണുന്നതും ഈ പരാതിയുടെ വിധി നിർണ്ണയിക്കുന്നതിന് വിലപ്പെട്ട തെളിവായിരിക്കും.

25111 എന്ന കൃഷി കണക്ഷന് വേണ്ടിയാണ് പുറത്തേക്ക് 2010 ൽ ലൈൻ വലിച്ചിട്ടുള്ളത് എന്ന വിവരം ഞാൻ അങ്ങയെ അറിയിക്കുന്നത് വരെയും ഈ കണക്ഷൻ KSEB-യുടെ സ്കെച്ചിൽ പ്രത്യക്ഷപ്പെടുകയോ, അതിനെക്കുറിച്ച് ഒരക്ഷരം AEE യോ, ഞാൻ അറിയിച്ചിട്ടു പോലും ഉത്തരവിൽ CGRF-ഓ മിണ്ടിയിട്ടില്ല. അത് മനഃപൂർവ്വം മറച്ചു വച്ചതാണ്. വസ്തുവിൽ നിന്നും ലൈൻ വലിച്ചു നൽകിയ റോഡരികിലെ പോസ്റ്റ് 2010 ൽ INSERT ചെയ്തതാണ് എന്ന് AEE പറഞ്ഞിട്ടുള്ളതും പച്ചക്കള്ളമാണ്. കാലങ്ങളായി എതിർവശത്തുള്ള 2456 ലേക്കും 3870 വിലേക്കും പടിഞ്ഞാറ് വശത്തെ “തറ ട്രാൻസ്ഫോർമറിൽ നിന്നും മരങ്ങൾക്കിടയിലൂടെ നല്കിയിരുന്ന ലൈൻ അഴിച്ചു മാറ്റി, ഇതിൽ നിന്നും ജോയിന്റ് ചെയ്തു ലൈൻ വലിച്ചു നൽകി. ഇതാണ് യാഥാർത്ഥ്യം. 1980 മുതൽ എന്റെ വസ്തുവിൽ നിന്നും ലൈൻ വലിച്ചാണ് "തറ" ട്രാൻസ്ഫോർമറിൽ നിന്നും സപ്ലൈയുള്ള 2456 ലേക്ക് വൈദ്യുതി നൽകിയിട്ടുള്ളത് എന്നത് നുണയാണ്. ഇത് രേഖാമൂലം തെളിയിക്കാൻ AEE ക്ക് ഒരിക്കലും കഴിയില്ല. CGRF ന് AEE നൽകിയ സ്കെച്ചിൽ തുടക്കത്തിൽ തന്നെ ലൈനിന് നേരെ LT Supply from 100 KVA Varakulam എന്ന് Asst. Engineer, Electrical Section എഴുതിയിട്ടുള്ളത് കാണാം. കിഴക്ക് വശത്തുള്ള ഈ ട്രാൻസ്ഫോർമറിൽ നിന്നായിരുന്നു അവിടേക്ക് വൈദ്യുതി സപ്ലൈ ഉണ്ടായിരുന്നത് എന്നുള്ള അറിവാണല്ലോ ഇതെഴുതാൻ കാരണം. AEE അങ്ങക്ക് സമർപ്പിച്ച പുതുക്കിയ സ്കെച്ചിൽ Supply from 100 KVA Thara DTR എന്നാണ് എഴുതിയിട്ടുള്ളത്. 2000 - 2002 സമയത്ത് ഒരു വീടിന്റെ മുകളിലെ ലൈൻ മാറ്റുന്നതിന് വേണ്ടി “വരകുളം ട്രാൻസ്ഫോർമറിൽ നിന്നും ഞങ്ങൾ മൂന്ന് അയൽവാസികൾക്ക് സപ്ലൈ നല്കിയിരുന്ന തൊട്ടടുത്തുള്ള ഒരു പോസ്റ്റ് നീക്കം ചെയ്യുകയും, ഇതിന്റെ ഭാഗമായി പടിഞ്ഞാറ് വശത്തെ 'തറ' ട്രാൻസ്ഫോർമറിൽ നിന്നുള്ള ലൈൻ മാറ്റി നൽകുകയും ചെയ്തതാണ് ഇങ്ങിനെയെഴുതാണ് കാരണം. 2020 വരെയും ഒരേക്കറിൽ അധികമുണ്ടായിരുന്ന ഞങ്ങളുടെ കുടുംബസ്വത്തായ പ്രസ്തുത വസ്തു ഇപ്പോൾ 52 സെന്റേയുള്ളൂ. ഈ വസ്തുവിലേക്ക് ജൂലൈ 1972 മുതൽ കിഴക്ക് വശത്തെ “വരകുളം” ട്രാൻസ്ഫോർമറിൽ നിന്നാണ് വൈദ്യുതി സപ്ലൈ. 00924 കൺസ്യൂമർ നമ്പറുള്ള അയൽവാസിയുടെ പുരയിടത്തിൽ നിന്നും ലൈൻ വലിച്ചാണ് വൈദ്യുതി. 0924 ലേക്ക് 1972 മുതൽ വൈദ്യുതി നൽകിയിരുന്ന

ട്രാൻസ്ഫോർമറിന്റെ വിവരങ്ങൾ പരിശോധിച്ചാൽ ഇത് തെളിയും. **2007** ൽ സത്യസന്ധത കൊണ്ട് മാത്രമാണ് വസ്തുവിൽ അവശേഷിച്ചിരുന്ന **19029** നമ്പറുള്ള കൃഷി കണക്ഷൻ ഡിസ്മാന്റിൽ ചെയ്യാൻ എന്റെ ജ്യേഷ്ഠൻ അച്യുതനുണ്ണി ആവശ്യപ്പെട്ടത്. അത് ചെയ്യാതെയാണ് **2010** ൽ വസ്തുവിൽ നിന്നും പുറത്തേക്ക് ലൈൻ വലിച്ചിട്ടുള്ളത്. **2009** ൽ **JCB** ഉപയോഗിച്ച് വസ്തുവും അതിർത്തിയുമെല്ലാം വൃത്തിയാക്കി പുതിയ നെറ്റ് വേലി കെട്ടിയപ്പോഴൊന്നും പുറത്തേക്ക് ലൈൻ വലിച്ചു നൽകിയിരുന്നില്ല.

**AEE** അങ്ങക്ക് നൽകിയ മറുപടിയിൽ "**CGRF** അംഗങ്ങൾ വിവരങ്ങൾ വിശദമായി സമീപവാസികളോട് ചോദിച്ചറിഞ്ഞു", എന്ന് പറയുന്നുണ്ട്. **KSEB** ഉദ്യോഗസ്ഥന് വേണ്ടപ്പെട്ട ഒരേയൊരു സമീപവാസി മാത്രമേ അവർക്കൊപ്പം വന്നിരുന്നുള്ളൂ. **1980** ൽ ഉടമസ്ഥന്റെ അനുവാദത്തോടെ ലൈൻ പുറത്തേക്ക് വലിച്ച് **2456** ലേക്ക് ലൈൻ നൽകി" എന്നും "**2007** ൽ **19029** ഡിസ്മാന്റിൽ ചെയ്യാതിരിക്കാൻ കാരണം ഈ ലൈനിൽ **2456, 3870** എന്നീ കണക്ഷനുകൾ നിലനിന്നിരുതിനാലാണ്" എന്നും പറയുന്നുണ്ട്. **1972** മുതൽ **2000** വരെയും 'വരകുളം ട്രാൻസ്ഫോർമറിൽ നിന്നും സപ്ലൈ ഉണ്ടായിരുന്ന ഞങ്ങളുടെ വസ്തുവിൽ നിന്നും, **1980** ൽ ലൈൻ പുറത്തേക്ക് വലിച്ച് അക്കാലത്ത് പടിഞ്ഞാറ് വശത്തെ 'തറ' ട്രാൻസ്ഫോർമറിൽ നിന്നും സപ്ലൈ നൽകിയിരുന്ന കൺസ്യൂമർ നമ്പർ **2456** ലേക്ക് സ്കെച്ചിൽ കാണിച്ചപോലെ **6** പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ നൽകി എന്ന് പറയുന്നത് ശുദ്ധ അസംബന്ധമാണ്. കൺസ്യൂമറുടെ പക്കൽ രേഖകളൊന്നും ഇല്ലാത്തതിനാൽ അവർ പറയുന്നതൊക്കെ നുണയും, യാതൊരു വിധ രേഖകളുടെ തെളിവുമില്ലാതെ കൺസ്യൂമർ സേവനം ചെയ്യേണ്ട **KSEB** ഉദ്യോഗസ്ഥർ പറയുന്ന പച്ചനുണകളൊക്കെ ശരിയും ആവാൻ പാടില്ലല്ലോ. **KSEB**യുടെ ഉത്തരവാദിത്തമാണല്ലോ എല്ലാ രേഖകളും സൂക്ഷിക്കേണ്ടത്.

ആയതിനാൽ, എന്റെ പരാതി തള്ളിക്കളയുവാൻ അടിസ്ഥാനമായി **KSEB** ഉന്നയിച്ച കാര്യങ്ങൾക്കും, എന്റെ പരാതി തള്ളിയതിന് കാരണമായി **CGRF** ഉത്തരവിൽ പറഞ്ഞ കാര്യങ്ങൾക്കും തെളിവായി താഴെ പറയുന്ന രേഖകൾ സമർപ്പിക്കുവാൻ ദയവായി ഉത്തരവുണ്ടാകണം:

**1)**പരാതിക്കാരൻ പണമടക്കാതെ കാര്യലാഭത്തിന് വേണ്ടി ചെയ്യുന്നതാണെന്നും, ആയതിനാൽ എന്റെ ഹരജി തള്ളിക്കളയണമെന്നും" എന്ത് തെളിവുകളുടെ അടിസ്ഥാനത്തിലാണോ **AEE** അങ്ങയോട് ആവശ്യപ്പെട്ടിട്ടുള്ളത് ആ തെളിവുകളടങ്ങിയ രേഖകളുടെയും,

2) “ഹർജിക്കാരന്റെ വസ്തുവിൽ നിന്നും **1980** ൽ വലിച്ച ലൈനിൽ നിന്നാണ് **2511** ന് ലൈൻ വലിച്ചിരിക്കുന്നതെന്നും, ഇക്കാര്യം കണ്ട് ബോധ്യപ്പെട്ടതിനാലാണ് ഫോറം പരാതി തള്ളി ഉത്തരവിറക്കിയത്" എന്നും **AEE** പറയുന്നുണ്ട്. എന്നാൽ, ഫോറത്തിന്റെ ഉത്തരവിൽ ഇക്കാര്യം എവിടെയും കാണുന്നില്ല. ഉത്തരവിൽ ഇക്കാര്യം പറഞ്ഞിട്ടുള്ള പ്രസക്ത ഭാഗത്തിന്റെ പകർപ്പും,

3) അതുപോലെ **CGRF** നും, അങ്ങക്കും **AEE** സമർപ്പിച്ച മറുപടികളിൽ **1980** ൽ പ്രസ്തുത വസ്തുവിൽ നിന്നും അന്നത്തെ ഉടമസ്ഥന്റെ അനുവാദത്തോടുകൂടി പുറത്തേക്ക് ലൈൻ വലിച്ചാണ് (സ്കെച്ച് പ്രകാരം **5** പോസ്റ്റുകൾ സ്ഥാപിച്ച്) **2456** ലേക്ക് വൈദ്യുതി നൽകിയിരുന്നത്' എന്ന് പറയുന്നുണ്ട്.

a) ഇത് തെളിയിക്കുന്ന **Service Connectlon Register** ന്റെയും, ഒറിജിനൽ അനുവാദത്തിന്റെയും പകർപ്പുകളും,

b) "**2456** ലേക്കും പ്രസ്തുത വസ്തുവിലേക്ക് ലൈൻ നൽകിയിട്ടുള്ള എന്റെ അയൽവാസിയുടെ ***00924** ലേക്കും **1980**ൽ വൈദ്യുതി നൽകിയിരുന്ന ട്രാൻസ്ഫോർമറിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ പകർപ്പുകളും,

c) "**00924** നെ "തറ" ട്രാസ്ഫോർമറിന്റെ കീഴിലേക്ക് മാറ്റിയ വർഷം തെളിയിക്കുന്ന രേഖയുടെ പകർപ്പും

4) കൂടാതെ, എന്റെ വാദങ്ങളൊന്നും ചെവിക്കൊള്ളാതെ **CGRF** (ഫോറം) എന്റെ പരാതി തള്ളിയതിന് കാരണമായി ഉത്തരവിൽ ആവർത്തിച്ച് പരാമർശിച്ച പ്രകാരം:

a) **2456** നും, **3870**വിനും നൽകാൻ വേണ്ടിയാണ് വസ്തുവിൽ നിന്നും ലൈൻ വലിച്ചത്", എന്നതിനും

b) 'എതിർകക്ഷികൾ എന്റെ ജ്യേഷ്ഠൻ ചാത്തനാത്ത് അച്യുതനുണ്ണിയിൽ നിന്നും അനുവാദം വാങ്ങിയാണ് വൈദ്യുതി തൂണുകൾ സ്ഥാപിച്ചതും ലൈൻ വലിച്ചിട്ടുള്ളതും, എന്നതിനും ഫോറത്തിന് തെളിവായി ലഭിച്ച രേഖകളുടെയും, അനുവാദത്തിന്റെയും പകർപ്പുകളും സമർപ്പിക്കുവാൻ ഉത്തരവുണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു. **25111** ന്റെ കാര്യത്തിൽ ഞാൻ ആവശ്യപ്പെട്ട ഏറെ പ്രാധാന്യമുള്ള വിവരാവകാശ രേഖകൾ തിരഞ്ഞ്

കണ്ടെത്താൻ സമയമില്ലെന്നും, ആയതിനാൽ "ഫീസടച്ച് എന്നോട് തന്നെ റെക്കോർഡ് റൂമിൽ കയറി തിരഞ്ഞ് കണ്ടെത്തുവാനുമാണ് ഉത്തരവാദപ്പെട്ട **KSEB** ഉദ്യോഗസ്ഥൻ **26/10/2024** ന് എന്നെ അറിയിച്ചത്. ആയതിനാൽ, എന്റെ പരാതിയിന്മേൽ **AEE** ക്കുള്ള മറുപടി അത് തെളിയിക്കുന്ന രേഖകളോടൊപ്പമാകണം എന്ന് ഞാൻ അഭ്യർത്ഥിക്കട്ടെ.

**AEE** ഫോറത്തിന് നൽകിയ മറുപടിയിൽ പറഞ്ഞപോലെ വസ്തുവിന്റെ വടക്കേ അറ്റത്ത് റോഡരികിൽ ആദ്യകാലം തൊട്ടുള്ള പോസ്റ്റിൽ നിന്നും ലൈൻ വലിച്ച് ഉപഭോക്താക്കൾക്ക് ഇപ്പോഴും വൈദ്യുതി നൽകാനാകും. അതിനായി ഇപ്പോൾ സ്ഥാപിച്ച പുതിയ പോസ്റ്റും, പറിച്ചു മാറ്റി തൊട്ടടുത്തുതന്നെ സ്ഥാപിച്ച പഴയ പോസ്റ്റും ധാരാളം മതി. ഇതിൽ കൂടുതലായി അങ്ങക്ക് സമർപ്പിക്കാൻ എന്റെ പക്കൽ തെളിവുകൾ മറ്റൊന്നുമില്ല. ആയതിനാൽ, ഈ സത്യങ്ങൾ തിരിച്ചറിഞ്ഞ് എന്റെ വസ്തുവിൽ നിന്നും അനധികൃതമായി പുറത്തേക്ക് വലിച്ച ലൈൻ ഡിസ്മാന്റിൽ ചെയ്തു തരുവാൻ ഉത്തരവുണ്ടാകുമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **21/01/2025**-ന് രാവിലെ **11**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി.എച്ച്.റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. ചന്ദ്രശേഖരൻ.സി എതിർകക്ഷിയായ ശ്രീ.ആശാറാണി.എസ്.എൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പട്ടാമ്പി, പാലക്കാട് ജില്ല എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

പരാതിക്കാരന്റെ കുടുംബസ്വത്തായിരുന്ന സ്ഥലമാണ് സർവ്വേ നമ്പർ.**343/4** ൽ ഉള്ള പെരുമുടിയൂർ പനങ്ങാട്ട്കാവ് ദേവി ക്ഷേത്രത്തിന് സമീപം സ്ഥിതിചെയ്യുന്ന സ്ഥലം. ഈ സ്ഥലത്തായിരുന്നു അവരുടെ തറവാട് വീട് സ്ഥിതിചെയ്തിരുന്നത്. അതിലേയ്ക്ക് **1980** നു മുൻപു തന്നെ വലിച്ച ലൈൻ ഉണ്ടായിരുന്നു. ആ ലൈനിന്റെ അവസാനത്തെ പോസ്റ്റ് ഈ പുരയിടത്തിലാണ് നിലനിൽക്കുന്നത്. തറവാട് വീട് പൊളിഞ്ഞുപോയപ്പോൾ ഗാർഹിക കണക്ഷൻ വിഛേദിക്കുകയും ഒരു കാർഷിക കണക്ഷൻ നിലനിൽക്കുകയും ചെയ്തിരുന്നു. എന്നാൽ ഗാർഹിക കണക്ഷൻ വിഛേദിക്കുകയും ലൈനും അതിലുള്ള അവസാനത്തെ പോസ്റ്റും അവിടെത്തന്നെ നിൽക്കുകയും ചെയ്തിരുന്നു. ഈ വസ്തു **07/01/2011** ൽ ജ്യേഷ്ഠനായ ശ്രീ.ചാത്തനാട്ട് അച്യുതനുണ്ണി അനുജനായ പരാതിക്കാരൻ

ശ്രീ. ചാത്തനാട്ട് ചന്ദ്രശേഖരന് എഴുതി നൽകിയ ദാനാധാര പ്രകാരമാണ് പരാതിക്കാരന്റെ ഉടമസ്ഥതയിൽ ആകുന്നത്. അവിടെ നിന്നിരുന്ന പോസ്റ്റിൽ നിന്നും വസ്തു ഉടമസ്ഥന്റെ അറിവോ സമ്മതമോ ഇല്ലാതെ ലൈൻ നീട്ടുകയും പ്രസ്തുത പുരയിടത്തിന് പുറത്തുള്ള അതിർത്തിയിൽ പുതിയ പോസ്റ്റ് സ്ഥാപിച്ച് അതു വഴി പുതിയ ലൈൻ സ്ഥാപിച്ച് പല സർവ്വീസ് കണക്ഷനും നൽകിയിരിക്കുന്നു എന്നതുമാണ് വാദം. എതിർകക്ഷി വാദിക്കുന്നത് ഈ ലൈനുകളെല്ലാം **1980** മുതൽ നിലനില്ക്കുന്നത് എന്നാണ്. കണക്ഷൻ നൽകിയിരിക്കുന്ന തീയതി നോക്കിയാണ് ഈ വാദഗതി ഉന്നയിക്കുന്നത്. കണക്ഷൻ നൽകിയിരിക്കുന്നത് **1980**ൽ ആണെങ്കിൽ ഈ ലൈൻ ഏതുവഴിയാണെന്നത് കൃത്യമായി പറയാൻ എതിർകക്ഷിയ്ക്കും കഴിയുന്നില്ല. **2010**ലാണ് ഈ പുതിയ ലൈൻ വലിച്ചിരിക്കുന്നത് എന്നതാണ് പരാതിക്കാരന്റെ വാദം. പുതിയലൈൻ വലിച്ചത് **2010**ൽ ആണെന്ന് കരുതിയാലും ആ സമയത്ത് ഈ വസ്തുവിന്റെ ഉടമസ്ഥൻ പരാതിക്കാരനല്ല എന്നു കാണാം. **2010**ലോ അതിനടുത്ത സമയങ്ങളിലോ ഇതിനെതിരെ പരാതി നൽകിയിട്ടില്ല.വസ്തു ദാനാധാര പ്രകാരം ലഭ്യമായിട്ട് ഏകദേശം പതിമൂന്നു വർഷങ്ങൾക്കുശേഷമാണ് പരാതിസമർപ്പിച്ചിരിക്കുന്നത്.

**Kerala Electricity Supply Code 2014, Regulation 24** പ്രകാരം സർവീസ് ലൈനും മറ്റു അനുബന്ധ സംവിധാനങ്ങളും ലൈസൻസിയുടെ സ്വത്താണെന്ന് പ്രതിപാദിച്ചിരിക്കുന്നു.

***24. The service line, meter and associated equipment deemed to be the property of the licensee.-***

*(1) The whole of service line, meter and other associated equipment shall be deemed to be the property of the licensee and shall remain under his control so long as they are connected to the distribution system of the licensee.*
*(2) The licensee may use the service line and other apparatus to give supply to other consumers, if the supply to the consumer who has paid for such line and apparatus is not affected adversely: Provided that the service line and other equipment of a consumer with a dedicated feeder shall not be used to supply power to another consumer.*

*(3) Even if the supply to the consumer who has paid for the line or equipment is disconnected, for whatsoever reason, the consumer shall permit the licensee, continued access to the service line and other equipment if they are required to give supply to other consumers, until alternate arrangements are made by the licensee:*

ലൈനിന്റെയും മറ്റു അനുബന്ധ സംവിധാനങ്ങളുടെയും ചെലവ് ഉപഭോക്താവ് വഹിച്ചു സ്ഥാപിച്ച ലൈനിൽ നിന്നു പോലും മറ്റുള്ളവർക്ക്

കണക്ഷൻ നൽകാൻ ലൈസൻസിക്ക് അധികാരമുണ്ടെന്ന് ഇവിടെ സ്ഥാപിച്ചിരിക്കുന്നു. നിലവിലുള്ള ഒരു ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ച് **Supply Code 2014**ലെ **regulation 95** ൽ വിശദീകരിച്ചിരിക്കുന്നു.

***95. Procedure for shifting electric line or electrical plant of the licensee.-***

***(1)**. The owner of the land or his successor in interest who has given right of way for the construction of an existing electric line or electrical plant over, under, along, across, in or upon the said land, may apply for shifting the electric line or electrical plant to any other portion of his land for genuine purposes.*

***(2**) The application for shifting the electric line or electrical plant shall be submitted in the local office of the licensee.*

***(3)** On receipt of the application the licensee shall inspect the site and assess the technical feasibility of the proposed shifting.*

***(4)** The application for shifting an electric line or electrical plant shall be granted only if:-*

*(a) the proposed shifting is technically feasible; and*

*(b) the owner of the land or his successor in interest gives consent in writing to shift the electric line or electrical plant to any other portion of his land or to any other land owned by him; or any alternate right of way along any public path way available for shifting the electric line and the electrical plant; and*

*(c) 1[the applicant shall remit the labour charges and material charges required for shifting the electric line or electric plant as estimated by the licensee as per the cost data approved by the Commission from time to time in accordance with the Regulation 33 of the Kerala Electricity Supply Code, 2014].*

***(5)** The licensee shall shift the electric line or electrical plant if the conditions specified in sub regulation (4) are complied with by the applicant.*

മുകളിൽ പ്രസ്താവിച്ച റെഗുലേഷൻ പ്രകാരം ലൈൻമാറ്റാനുള്ള സാധനങ്ങളുടെ വിലയും പണിക്കൂലിയും പരാതിക്കാരൻ വഹിക്കേണ്ടതാണ് എന്നു വ്യക്തമാക്കിയിരിക്കുന്നു. ഇവിടെ ഈ ലൈനുകൾ സ്ഥാപിച്ചത് **2010** ലോ അതിനുമുൻപോ ആയിരിക്കാം. ഇത്രയും നാൾ പരാതി ഉന്നയിക്കാതിരിക്കുമ്പോൾ തന്നെ ഇത് ഒരു **deemed consent** ആയി കണക്കാക്കാവുന്നതാണ്. അങ്ങനെ വരുമ്പോഴും **Supply code 2014** റെഗുലേഷൻ **95** തന്നെ ബാധകമാകുന്നു എന്നു കാണാം. പരാതിക്കാരന് ഒരേക്കറിലധികം സ്ഥലമുണ്ടായിരുന്നതിൽ ഇപ്പോൾ **52** സെന്റ് വസ്തു മാത്രമേ അവശേഷിക്കുന്നുള്ളൂ എന്നും പരാതിക്കാരൻ വാദം കേൾക്കലിൽ

അറിയിക്കുകയുണ്ടായി. തറവാടിരുന്ന സ്ഥലത്ത് ഒരു പുതിയ വീട് നിർമ്മിക്കണം എന്നും, ആ ആഗ്രഹം സഫലമാക്കാൻ ഈ ലൈനുകൾ തടസ്സമായി നിൽക്കുന്നുവെന്നും അതിനാലാണ് ഈ ലൈനുകൾ മാറ്റിസ്ഥാപിക്കണമെന്ന അപേക്ഷയുമായി ലൈസൻസിയെ സമീപിച്ചതെന്നും അറിയിക്കുകയുണ്ടായി. ലൈസൻസി നൽകിയ **estimate** പ്രകാരം **36,549/-** രൂപ അടയ്ക്കണം എന്നാവശ്യപ്പെട്ടപ്പോൾ അത്രയും തുക നൽകാനുള്ള സാമ്പത്തിക പ്രയാസത്താലാണ് അനുമതിയില്ലാതെ വലിച്ച ലൈൻ മാറ്റേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്തമാണെന്ന വാദവുമായി പരാതി സമർപ്പിച്ചത്. പരാതിക്കാരന് വസ്തുതകൾ ബോധ്യപ്പെടുകയും ഇത്രയും ഭീമമായ തുകയിൽ കുറവ് നൽകിയാൽ അദ്ദേഹം ആ ചെലവ് വഹിച്ചോളാം എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ആയതിനാൽ എതിർകക്ഷിയായ **AEE** യോട് എത്രയും ചെലവ് ചുരുക്കി ലൈൻ മാറ്റുന്നതിനുള്ള വഴി ആലോചിച്ച് പരാതിക്കാരനുമായി ചർച്ചചെയ്ത് നടപ്പിലാക്കാനുള്ള നിർദ്ദേശം നൽകുകയുണ്ടായി. വസ്തുവിനകത്തു നിൽക്കുന്ന പോസ്റ്റ് മാറ്റി അതിനു മുൻപുള്ള പോസ്റ്റിൽ നിന്നും ലൈൻ നേരിട്ട് പുറത്തുള്ള പോസ്റ്റിലേയ്ക്ക് വലിക്കാനുള്ള സാങ്കേതിക സാധ്യതയും ആലോചിക്കാവുന്നതാണ്.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും,പരാതിക്കാരന്റെയും എതിർകക്ഷി യുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശക ലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1) ഏറ്റവും ചെലവ് ചുരുങ്ങിയ രീതിയിൽ ലൈൻ മാറ്റി സ്ഥാപിക്കാനുള്ള സാധ്യത ആരായുകയും അതിനുള്ള എസ്റ്റിമേറ്റ് എതിർകക്ഷി ഉണ്ടാക്കി പരാതിക്കാരനെ അറിയിക്കുകയും ചെയ്യുക.

2) വസ്തുവിനുള്ളിൽ നില്ക്കുന്ന പോസ്റ്റ് മാറ്റി അതിനുമുൻപുള്ള പോസ്റ്റിൽ നിന്നും ലൈൻ നേരിട്ട് പുറത്തുള്ള പോസ്റ്റിലേക്ക് വലിക്കാനുള്ള സാങ്കേതിക സാധ്യതയും പരിശോധിച്ച് തീരുമാനിക്കുക.

3) പുതുക്കിയ എസ്റ്റിമേറ്റ് തുക പരാതിക്കാരൻ അടയ്ക്കേണ്ടതും അതുപ്രകാരം ലൈസൻസി ലൈൻ മാറ്റി കൊടുക്കേണ്ടതുമാണ്.

4) മറ്റു ചെലവുകൾ അംഗീകരിച്ചിട്ടില്ല .

5) ഈ ഉത്തരവിൽ പരാതിക്കാരൻ തൃപ്തനല്ലാത്ത പക്ഷം ജില്ലാ മജിസ്ട്രേറ്റിന് (ജില്ലാ കളക്ടർക്ക്) പരാതി നൽകി പരിഹാരം തേടാവുന്നതാണ്.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/077/2024/ തീയതി: **27-01-2025**

**അയക്കുന്നത്:**

**1.** ശ്രീ. ചന്ദ്രശേഖരൻ.സി, ആയില്യം, പെരുമുടിയൂർ, പട്ടാമ്പി പി.ഒ, പാലക്കാട്-**679303.**

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഇലക്ട്രിക്കൽ സബ് ഡിവിഷൻ , പട്ടാമ്പി, പാലക്കാട് (ജില്ല).

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -**10.**
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-**4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കോഴിക്കോട് - **673032.**